

"എന്റെ
സമാധാനം
ഞാൻ
നിങ്ങൾക്കു
നല്കുന്നു."
(യോഹ. 14:27)

സൺഡേ ശാലോം
2010 നവംബർ 28 ഞായർ

രക്ഷാധികാരി : ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ്
ചീഫ് എഡിറ്റർ : ബെന്നി പുന്നത്തറ
അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് വയലിൽ സി.എം.ഐ.
ഡപ്യൂട്ടി എഡിറ്റർ : സ്റ്റെല്ലാ ബെന്നി
ജനറൽ എഡിറ്റർ : ഫാ. റോയ് വർഗീസ് പാലാട്ടി സി.എം.ഐ,
അസിസ്റ്റന്റ് എഡിറ്റർ : ജയ്മോൻ കുമരകം
സീനിയർ സബ് എഡിറ്റർ : ബിജു സെബാസ്റ്റ്യൻ

ഒറ്റപ്രതി വില : 5.00 രൂപ
വാർഷികവരിസംഖ്യ (തപാലിൽ) : 250 രൂപ
അർദ്ധവാർഷികം : 125 രൂപ
വിദേശത്തേക്ക് : 3000 രൂപ

വിലാസം:
പെരുവണ്ണാമൂഴി – 673 528, കോഴിക്കോട്, കേരള
ഫോൺ: (0496) 2663600 ഫാക്സ്: (0496) 2663680
E-mail: sunday@shalomonline.net Web: www.shalomonline.net

"ഇതാ
കർത്താവിന്റെ
ദാസി! നിന്റെ
വാക്ക് എന്നിൽ
നിറവേറട്ടെ."
(ലൂക്കാ. 1:38)

അമ്മയ്ക്കരികെ

മറിയത്തിന്റെ വിമലഹൃദയമേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ

പരിശുദ്ധ അമ്മേ, ഞങ്ങൾ നിരന്തരം അങ്ങേ സഹായം യാചിക്കുന്നു. അങ്ങാണല്ലോ ഞങ്ങളെ സ്വർഗീയതുറമുഖത്തേക്ക് നയിക്കുന്ന ദീപസ്തംഭം. ഞങ്ങളുടെ ക്ലേശങ്ങളിലും ദൗർഭാഗ്യങ്ങളിലും ഞങ്ങളെ കൈപിടിച്ചു നടത്തണമേ. പാപത്തിന്റെ അന്ധകാരത്തിൽനിന്ന് പുണ്യത്തിന്റെ പ്രകാശവീഥിയിലേക്ക് ആനയിക്കുവാനായി അമ്മയുടെ വിമലഹൃദയത്തിലേക്ക് ഞങ്ങളെ പൂർണമായി സമർപ്പിക്കുന്നു. സ്നേഹനിർഭരമായ ആ ഹൃദയത്തിൽ ഞങ്ങളെ ലയിപ്പിക്കണമേ. അങ്ങനെ ദൈവസ്നേഹാഗ്നിയാൽ ഞങ്ങൾ പ്രശോഭിതരായിത്തീരട്ടെ, ആമ്മേൻ.



നിണം വീണ സഭാതരു

കത്തോലിക്കാ സഭ ഒരു കൂട്ടായ്മ

അപ്പസ്തോലസംഘത്തിന്റെ പിന്തുടർച്ചയാണ് മെത്രാന്മാരുടെ സംഘം എന്ന വസ്തുത രണ്ടാം വത്തിക്കാൻ കൗൺസിൽ ഔദ്യോഗികമായി അംഗീകരിച്ചു. സഭ ദൈവജനമാണെന്നും കത്തോലിക്കാ സഭ ഒരു കൂട്ടായ്മ ആണെന്നുമുള്ള ദൈവവിജ്ഞാനീയ കണ്ടെത്തൽ ഈ അംഗീകാരത്തിന് പിൻബലം നൽകി. ഈ അടിസ്ഥാനതത്വത്തിന്റെ വെളിച്ചത്തിൽ റോമൻ കൂരിയായുടെ നിലവിലിരിക്കുന്ന ഭരണസംവിധാനത്തിൽ കാതലായ മാറ്റം വരണമെന്ന പ്രായോഗിക നിഗമനത്തിലെത്തി. തൽഫലമായി മെത്രാൻ സംഘത്തിന്റെ പങ്കാളിത്തം സഭാഭരണത്തിലും ഉറപ്പുവരുത്തുവാൻ വേണ്ടി സ്ഥാപിതമായതാണ് മെത്രാന്മാരുടെ സിനഡ്. സിൻ+ഹൊഡോസ് എന്ന ഗ്രീക്കുമൂലത്തിൽ നിന്നു രൂപംകൊണ്ട പദമാണ് 'സിനഡ്.' 'ഒന്നിച്ചുകൂടൽ' എന്നാണ് വാച്യാർത്ഥം.

പുരാതനകാലം മുതലുള്ള സിനഡു സംവിധാനം പൗരസ്ത്യ സഭകളിൽ നിലനിന്നുപോരുന്നു. സഭയുടെ തലവനും പിതാവുമായ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ മെത്രാന്മാരുടെ സിനഡുമായി ഒന്നിച്ച് ആലോചിച്ചാണ് സഭ പ്രധാന തീരുമാനങ്ങൾ എടുക്കുന്നത്. 'സ്ഥിരസിനഡ്' എന്ന പ്ര ത്യേക സംവിധാനവുമുണ്ട്. സഭയിലെ എല്ലാ മെ ത്രാന്മാരെയും ഒന്നിച്ചുകൂട്ടി അടിയന്തിര കാര്യങ്ങൾ തീരുമാനിക്കുന്നു. മെത്രാന്മാർ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ് 'സ്ഥിരസിനഡ്.' പൗരസ്ത്യ കാനൻനിയമ സംഹിതയിലും ഈ സംവിധാനം നിലനിർത്തിയിട്ടുണ്ട്.

എന്നാൽ റോമൻ കേന്ദ്രീകരണത്തിന്റെ ഫലമായി റോമാസഭയിൽ മെത്രാന്മാരുടെ പങ്കാളിത്തമുള്ള പുരാതന സിനഡ് സംവിധാനം അപ്രത്യക്ഷമായി. പരമാധികാരവും തെറ്റാവരവുംവഴി റോമിന്റെ തീരുമാനങ്ങൾ അലംഘനീയമാണെന്ന നിഗമനത്തിലെത്തിയിരുന്ന റോമൻ കൂരിയായ്ക്ക് 'മെത്രാന്മാരുടെ സംഘ'ത്തിലൂടെ കൂറെയൊക്കെ നിയന്ത്രണം വരുത്തണമെന്നതായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാരുടെ പൊതുവായ നിലപാട്. ഈ നിർബന്ധിത സാഹചര്യത്തിന്റെ സമ്മർദ്ദത്തിലാണ് കൗൺസിൽ അവസാനിക്കുന്നതിനു മുമ്പുതന്നെ 'സഭാഭരണത്തിൽ മെത്രാൻ സംഘത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന "മെത്രാന്മാരുടെ സിനഡ്" പോൾ ആറാമൻ സ്ഥാപിച്ചത്. സംഘാതാത്മകമായ പ്രവർത്തനത്തിന് ദൈവശാസ്ത്ര പിൻബലം നൽകുന്നതായിരുന്നു സഭാവിജ്ഞാനീയരംഗത്തെ കണ്ടെത്തലുകൾ. മൂന്നാളുകൾ ഉൾപ്പെടുന്ന ദൈവം തന്നെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മയിലേക്കുള്ള പങ്കാളിത്തമാണ് മാമ്മോദീസായിലൂടെയുള്ള ആത്മീയ ജനം. ദൈവം ദൈവജനത്തിൽ പ്രവർത്തിക്കുന്നു. അത് വിവേചിച്ചറിഞ്ഞ് ദൈവഹിതമനുസരിച്ചുള്ള ദൈവജന ശുശ്രൂഷയാണ് സഭാനേതൃത്വത്തിന്റെ ദൗത്യം. ഇതിന്റെ അടിസ്ഥാനത്തിലാണ് തിരുസഭയെക്കുറിച്ചുള്ള കൗ ൺസിൽ രേഖയിൽ ഒന്നാമത്തെ അധ്യായം 'സഭ ഒരു രഹസ്യ'മാണെന്നും രണ്ടാമത്തേത്, 'സഭ ദൈവജന'മാണെന്നും മൂന്നാമത്തേത്, 'സഭയിലേത് അജപാലന ശുശ്രൂഷാനേതൃത്വ'മാണെന്നും പ്രതിപാദിക്കുവാനിടയായത്. ആദ്യത്തെ കരടുരേഖയിൽ പാടെ വ്യത്യസ്തമായൊരു സഭാദർശനമാണുണ്ടായിരുന്നത്. 1962 ഡിസംബർ ഒന്നുമുതൽ ആറുവരെ നടന്ന പ്രാരംഭചർച്ചയിൽ ഈ കരടുരേഖ ചർച്ച ചെയ്യാൻ പോലും അർഹമല്ലെന്ന് കൗൺസിൽ പിതാക്കന്മാർ വോട്ടെടുപ്പിലൂടെ തിരസ്കരിച്ചതിന്റെ ഫലമായിട്ടാണ് പുതിയ കമ്മീഷനും പുതിയ കരടുരേഖയുമുണ്ടായത്. ഈ ചരിത്രപശ്ചാത്തലവും 'മെത്രാന്മാരുടെ സിനഡി'ന്റെ പിന്നിലുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങുന്നതിനു മുമ്പായി 1959 മുതൽ കൗൺസിൽ കമ്മീഷൻ തലത്തിലുള്ള പഠനങ്ങളിലും ചർച്ചകളിലും 'റോമൻ കൂരിയ' മെത്രാൻ സംഘത്തിന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന ആശയം ഉന്നയിച്ചിരുന്നു.

– റവ. ഡോ. സേവ്യർ കൂടപ്പുഴ

ആഗോളതാപനത്തിന്റെ ആത്മീയതലം

ആഗോളതാപനത്തിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ ഭൗതികതലത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ ആത്മീയകാഴ്ചപ്പാടും ഉണ്ടാകേണ്ടിയിരിക്കുന്നു.

▶▶ **ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS**

ആഗോളതാപനവുമായി ബന്ധപ്പെട്ട വാർത്തകളും അതു ഭൂമിയിൽ സൃഷ്ടിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകളുമൊക്കെ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണല്ലോ. കാർബൺ ഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഓസോൺ ഫ്ളൂറിനേറ്റഡ് വാതകം തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ ആഗോളതാപനത്തിന് കാരണമായി ചൂണ്ടിക്കാണിക്കുമ്പോൾ വിവിധ രാജ്യങ്ങളിൽ നടത്തുന്ന ന്യൂക്ലിയർ ബോംബ് പരീക്ഷണങ്ങളുടെ ഫലമായി അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നതിനെപ്പറ്റി നിശബ്ദത പാലിക്കുന്ന തന്ത്രപരമായ മാധ്യമ സമീപനങ്ങളും നാം കാണുന്നു. ഒന്നിച്ചുനിന്ന് ഈ ദുരന്തത്തെ ചെറുത്തില്ലെങ്കിൽ വർധിച്ചുവരുന്ന ചൂടുകാരണം ജലസ്രോതസുകൾ വറ്റിവരണ്ട് കിണറുകളും നദികളും തടാകങ്ങളും അപ്രത്യക്ഷമാകും. ധ്രുവങ്ങളിലെ മഞ്ഞുരുകലിന്റെ ഫലമായി വെള്ളപ്പൊക്കവും സമുദ്രനിരപ്പിന്റെ ഉയരലും വഴി പല ദ്വീപുകളും പട്ടണങ്ങളും അപ്രത്യക്ഷമാകും. ഒരുപക്ഷേ, അന്തരീക്ഷത്തിലുണ്ടാകാവുന്ന വ്യതിയാനത്തിന്റെ ഫലമായി ഓക്സിജൻ കുറയുകയും പ്രാണവായുപോലും കിട്ടാതെ മനുഷ്യരും ജീവികളും ചത്തൊടുങ്ങുകയും ഭൂമി വീണ്ടും ശൂന്യമാകുകയും ഇരുണ്ടുപോവുകയും ചെയ്തേക്കാം.

പ്രവാചകന്മാരുടെ മുന്നറിയിപ്പുകൾ

ഈ ദുരന്തങ്ങളെപ്പറ്റിയുള്ള മുന്നറിയിപ്പുകൾ ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പേ പ്രവാചകന്മാരിലൂടെ ദൈവം നമുക്കു നൽകിയിട്ടുണ്ട്. പ്രവാചകനായ ഏശയ്യായിലൂടെ ഇപ്രകാരം ദൈവം പറഞ്ഞു: "കർത്താവ് ഭൂമിയെ ശൂന്യവും വിജനവുമാക്കിത്തീർ ക്കും. അവിടുന്ന് അതിന്റെ ഉപരിതലത്തെ ഞെരിച്ച് അതിലെ നിവാസികളെ ചിതറിക്കും. ജനത്തിനും പുരോഹിതനും അടിമയ്ക്കും യജമാനനും ദാസിക്കും സ്വാമിനിക്കും വാങ്ങുന്നവനും വിൽക്കുന്നവനും ഉത്തമർണനും അധമർണനും ഒന്നുപോലെ സംഭവിക്കും. ഭൂമി തീർത്തും ശൂന്യമാകും; പൂർണമായി കൊള്ളയടിക്കപ്പെടും. കർത്താവിന്റേതാണ് ഈ വചനം. ഭൂമി ക്ഷയിച്ചുപോകുന്നു. ലോകമാകെ വാടിക്കൊഴിയുന്നു. ആകാശം ഭൂമിയോടൊപ്പം വാടിപ്പോകുന്നു. ഭൂമി അതിലെ നിവാസികൾ നിമിത്തം അശുദ്ധമായിത്തീർന്നിരിക്കുന്നു. അവർ നിയമം ലംഘിക്കുകയും കൽപനകളിൽ നിന്ന് വ്യതിചലിക്കുകയും അങ്ങനെ ശാശ്വതമായ ഉടമ്പടിക്ക് ഭംഗം വരുത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ, ശാപം ഭൂമിയെ വിഴുങ്ങുകയും ഭൂവാസികൾ തങ്ങളുടെ അകൃത്യത്തിന്റെ ശിക്ഷ അനുഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഭൂമിയിലെ നിവാസികൾ ദഹിച്ചുതീരുന്നു. ചുരുക്കംപേർ മാത്രം അവശേഷിക്കും" (ഏശയ്യാ 24:1-6). അഞ്ചാമത്തെ വാചകം ഗ്രീക്കിലും ലത്തീനിലും ഇംഗ്ലീഷിലും 'ഭൂമി അതിലെ നിവാസികൾ നിമിത്തം മലിനീകരിക്കപ്പെട്ടിരിക്കുന്നു (Polluted)' എന്നാണ് എഴുതിയിരിക്കുന്നത്. അന്തരീക്ഷമലിനീകരണം കുറയ്ക്കുന്നതിനുവേണ്ടിയാണല്ലോ ഇപ്പോൾ പരിശ്രമങ്ങൾ നടത്തുന്നത്. ഹോസിയാ പ്രവാചകനിലൂടെ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഇസ്രായേൽ ജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരെ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനു പുറകെ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ ദേശം വിലപിക്കുന്നു; അതിലെ സകല നിവാസികളും ക്ഷയിക്കുന്നു; വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങൾപോലും അപഹരിക്കപ്പെടുന്നു" (ഹോസിയാ 4:1-3). ഇതര ബൈബിളുകളിൽ അപഹരിക്കപ്പെടുന്നു എന്നതിനു പകരം നശിക്കുന്നു (Perish) എന്നാണ് എഴുതിയിരിക്കുന്നത്. "മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങളും നശിക്കും" എന്ന് യേശു പറഞ്ഞത് ഇവിടെ കൂട്ടിച്ചേർത്തു വായിക്കേണ്ടിയിരിക്കുന്നു (ലൂക്കാ 13:5). പ്രസ്തുത ബൈബിൾ വചനങ്ങൾ വ്യക്തമാക്കുന്നത്, മനുഷ്യന്റെ പാപങ്ങളും തിന്മകളുമാണ് ഏറ്റവും വലിയ മലിനീകരണമെന്നും തൽഫലമായിട്ടാണ് സർവജീവജാലങ്ങൾക്കും നാശമുണ്ടാകുന്നതെന്നുമാണ്.

കാത്തിരിക്കുന്ന ദുരിതങ്ങൾ

കർത്താവിന്റെ വചനത്തിന്റെ ശക്തിയും പ്രാഭവവുമുള്ള ദൈവികപദ്ധതി. ദൈവം സ്വർഗത്തിൽ നിന്നും താൻ സൃഷ്ടിച്ച ഭൂമിയെയും മനുഷ്യനെയും സൃഷ്ടവസ്തുക്കളെയും നോക്കുമ്പോൾ എന്താണിന്നു കാണുന്നത്. ദൈവിക പദ്ധതികളെ കാറ്റിൽ പരത്തിക്കൊണ്ട് തന്റേതായ പദ്ധതികൾ തയാറാക്കി, ദൈവികനിയമങ്ങളെ മാറ്റിനിർത്തി, ധാർമ്മികമൂല്യങ്ങളെയും തച്ചുടച്ചുകൊണ്ട്, തന്നെത്തന്നെ ദൈവമാക്കി മനുഷ്യൻ അരാജകത്വത്തിലും അസ്വസ്ഥതയിലും കഴിയുന്നു. ലോകജനസംഖ്യയിൽ പകുതിയിലധികവും ദൈവത്തിൽ വിശ്വസിക്കാത്തവരും അഥവാ ചെറുപ്പത്തിൽ കിട്ടിയ വിശ്വാസം നഷ്ടപ്പെടുത്തിയവരുമാണ്. ശേഷിച്ചിരിക്കുന്നവർ ദൈവത്തിൽ വിശ്വസിക്കുന്നുവെന്നു പറയുന്നുവെങ്കിലും അവിടുത്തെ കല്പനകൾ പാലിച്ചുകൊണ്ട് ജീവിക്കുന്നവർ വളരെ കുറവാണ്. വിശ്വാസികളാണെന്ന് അഭിമാനിക്കുന്ന ആളുകളാണ് മനസിലാക്കിയ ക്രൈസ്തവരുടെ കടമയാണ് പാപംമൂലമുള്ള ആഗോള മലിനീകരണത്തെപ്പറ്റി ശബ്ദിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നത്. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നാമെല്ലാവരും നശിക്കും എന്ന ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ദിവ്യസന്ദേശം പ്രഘോഷിച്ചു മാനവകുലത്തെ മുഴുവൻ വിശുദ്ധിയിലേക്കു കൊണ്ടുവന്നെങ്കിലേ വരാനിരിക്കുന്ന ദുരന്തങ്ങളിൽ നിന്നും ലോകത്തെ രക്ഷിക്കാനാവൂ. ദൈവകല്പനകൾ ലംഘിച്ചുകൊണ്ട് ദൈവസ്നേഹത്തിൽ നിന്നകന്നു ജീവിക്കുന്നവരുടെമേൽ നിപതിക്കാനിരിക്കാവുന്ന ശാപങ്ങളുടെയും തകർച്ചകളുടെയും പട്ടിക നിയമാവർത്തന പുസ്തകം 27 ഉം 28 ഉം അധ്യായങ്ങളിൽ വായിക്കാവുന്നതാണ്. ക്ഷയം, പനി, വീക്കം, പരുക്കൾ, അർബുദം, ചൊറിയും ചിരങ്ങും, ഭ്രാന്തും അന്ധതയും വന്ധ്യതയും തുടങ്ങിയ രോഗങ്ങളും അത്യുഷ്ണം, വാൾ, വരൾച്ച, വിഷക്കാറ്റ്, വെള്ളപ്പൊക്കം, പൂപ്പൽ, കൃഷിനാശം, വിളവുനാശം, ജീവിതപരാജയങ്ങൾ, ഭക്ഷ്യക്ഷാമം, ജന്തുമൃഗാദികളുടെ കൂട്ടനാശം തുടങ്ങിയവയെല്ലാം ദൈവത്തെ ധിക്കരിച്ചുള്ള ജീവിതത്തിന്റെ പരിണതഫലങ്ങളെന്ന് ബൈബിൾ വ്യക്തമാക്കുന്നു.

> **പ്രതിവർഷംനാല്പത്തഞ്ച് ദശലക്ഷം പിഞ്ചുകുഞ്ഞുങ്ങളുടെ നിലവിളിയാണ് ഭ്രൂണഹത്യകളിലൂടെ ദൈവത്തിന്റെ പക്കലേക്ക് ഉയരുന്നത്. സാത്താൻ ആരാധന നടക്കുന്ന 30,000 ൽ പരം 'പള്ളികൾ' അമേരിക്കയിലും യൂറോപ്പിലും മാത്രമുണ്ടെന്ന് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സത്യദൈവത്തെ ഉപേക്ഷിച്ച് സാത്താന്റെയും അവന്റെ ആഡംബരങ്ങളുടെയും പിന്നാലെ പോകുന്നവരുടെയെണ്ണം അനുദിനം വർധിക്കുകയാണ്. വിവാഹമോചനങ്ങളും ക്രമാതീതമായി വർധിക്കുന്നു. വിവിധ രാജ്യങ്ങളിൽ ശതമാനത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നുമാത്രം.**

നീതിയിലും സ്നേഹത്തിലും ലോകത്തെയും അതിലുള്ളവയെയും സ്വന്തമാക്കി എല്ലാറ്റിനുമുപരി ദൈവത്തെ സ്നേഹിച്ചുള്ള ജീവിതമാണ് മനുഷ്യനെപ്പറ്റി അനീതിയിലും അശുദ്ധിയിലും വൈരാഗ്യത്തിലും ജീവിക്കുന്നത്. പലരും ഭക്തിയുടെ ബാഹ്യരൂപം നിലനിർത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും നിരവധി പാപങ്ങളിലൂടെ അതിന്റെ ആന്തരികചൈതന്യത്തെ നിഷേധിക്കുന്നവരാണ് (2 തിമോ.3:5).

ശൂന്യമാകുന്ന ദൈവാലയങ്ങൾ

ഒരു കാലത്ത് ക്രൈസ്തവമായിരുന്ന യൂറോപ്യൻ രാജ്യങ്ങളിൽ ഞായറാഴ്ചപോലും പള്ളിയിൽ പോകുന്നവർ വെറും ആറുശതമാനമാണ്! പള്ളികളൊക്കെയും ശൂന്യം. യുദ്ധങ്ങൾ, ഭീകരപ്രവർത്തനങ്ങൾ തുടങ്ങിയവമൂലം എത്രലക്ഷം കൊല്ലപ്പെടുന്നു. മക്കൾ അമ്മയുടെയോ മുത്തശ്ശിയുടെയോ ഘാതകരായി മാറുന്ന വാർത്തകൾ 'ദൈവത്തിന്റെ സ്വന്തം നാടായ' കേരളത്തിൽപ്പോലും കേൾക്കുന്നില്ലേ?

പ്രതിവർഷം നാൽപത്തിയഞ്ചു ദശലക്ഷം പിഞ്ചുകുഞ്ഞുങ്ങളുടെ നിലവിളിയാണ് ഭ്രൂണഹത്യകളിലൂടെ ദൈവത്തിന്റെ പക്കലേക്ക് ഉയരുന്നത്. സാത്താൻ ആരാധനകൾ നടക്കുന്ന 30,000 ൽ പരം 'പള്ളികൾ' അമേരിക്കയിലും യൂറോപ്പിലും മാത്രമുണ്ടെന്ന് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സത്യദൈവത്തെ ഉപേക്ഷിച്ച് സാത്താന്റെയും അവന്റെ ആഡംബരങ്ങളുടെയും പിന്നാലെ പോകുന്നവരുടെയെണ്ണം അനുദിനം വർധിക്കുകയാണ്. വിവാഹമോചനങ്ങളും ക്രമാതീതമായി വർധിക്കുന്നു. വിവിധ രാജ്യങ്ങളിൽ ശതമാനത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നുമാത്രം. വിവാഹത്തിനുമുമ്പും വിവാഹത്തിനു പുറമെയുമുള്ള അവിഹിത ലൈംഗിക വേഴ്ചകളും സ്വയംഭോഗവും സ്വവർഗഭോഗവും സ്വവർഗ വിവാഹങ്ങൾപോലും വ്യാപകമായിക്കൊണ്ടിരിക്കുന്നു. അശ്ലീലചിത്രങ്ങളും മ്ലേച്ഛസാഹിത്യങ്ങളും എല്ലായിടത്തുമുണ്ട്. വൻനഗരങ്ങളിൽ പെട്ടിക്കടകൾ പോലെയാണല്ലോ സെക്സ്, എറോട്ടിക് ഷോപ്പുകൾ കാണുന്നത്. ഇന്റർനെറ്റുവഴിപോലും സെക്സ് വിൽപന നടക്കുന്നുവല്ലോ. ബ്ലൂ ഫിലിമുകളും ഇന്റർനെറ്റിലെ അശ്ലീലങ്ങളും എത്രയോ പേരുടെ ജീവിതത്തെ അശുദ്ധിയുടെ ചെളിക്കുണ്ടിലാഴ്ത്തുന്നു. മരുന്നുകളുടെ പരസ്യങ്ങൾ പോലും നഗ്നചിത്രങ്ങൾകൊണ്ടാണല്ലോ ആകർഷിക്കപ്പെടുന്നത്. ഇന്നലെവരെ മാനുഷിക മൂല്യങ്ങളെന്നും ധാർമ്മിക മൂല്യങ്ങളെന്നു കരുതപ്പെട്ടവയെല്ലാം കാറ്റിൽ പറത്തിക്കൊണ്ടിരിക്കുന്നു.

സാത്താന് പ്രതിഷ്ഠിച്ച രാജ്യങ്ങൾ

മനുഷ്യന് സ്നേഹത്തിലും മാന്യതയിലും ജീവിക്കുവാൻ ദൈവം സൃഷ്ടിച്ച ഭൂമിയെന്ന ഭവനം ദൈവനിഷേധത്തിന്റെയും പൈശാചിക ആരാധനകളുടെയും കാമാസക്തികളുടെയും മ്ലേച്ഛതകളുടെയും ലൈംഗിക വൈകൃതങ്ങളുടെയും രക്തച്ചൊരിച്ചിലിന്റെയും ചൂഷണത്തിന്റെയും അനീതിയുടെയും കൊള്ളിവയ്പ്പിന്റെയും ഭവനമായി മാറിയിരിക്കുകയാണല്ലോ. "ദുഷ്ടരുടെ ഭവനത്തിന്റെമേൽ കർത്താവിന്റെ ശാപം പതിക്കുന്നു" എന്നത് ഇത്തരുണത്തിൽ ഓർത്തുപോകുന്നു (സുഭാ.3:33).

ഭൂകമ്പത്തിൽ നാമാവശേഷമായ ഹെയ്തി സാത്താനു പ്രതിഷ്ഠിച്ച രാജ്യമായിരുന്നു. സുനാമിയിൽ നശിപ്പിക്കപ്പെട്ട ദ്വീപുകളും ഉപദ്വീപുകളും തീരപ്രദേശങ്ങളും ലൈംഗികമ്ലേച്ഛതകളുടെയും ഇങ്ങേയറ്റം കുട്ടികളെ ലൈംഗികചൂഷണം ചെയ്യുന്ന നക്ഷത്രഹോട്ടലുകളുടെയും ടൂറിസ്റ്റു കേന്ദ്രങ്ങളുടെയും സ്ഥലങ്ങളായിരുന്നു. അടുത്തകാലത്ത് അഗ്നിപർവതം പൊട്ടിയ ഐസ്ലാന്റും ചുറ്റുപാടുമുള്ള സ്കാന്റിനേവിയൻ രാജ്യങ്ങളും ദൈവത്തെയുപേക്ഷിച്ച് എല്ലാ ധാർമ്മികമൂല്യങ്ങളും നഷ്ടപ്പെട്ട സോദോം ഗൊമോറ പോലുള്ള രാജ്യങ്ങളാണ്.

യൂറോപ്പിലും അമേരിക്കയിലുമുള്ള ഭൂരിപക്ഷം ഭരണാധികാരികളും "ഫ്രീമെയ്സൺസ്" ആണ്. "നിന്റെ ദുഷ്കൃത്യങ്ങൾ വഴി കർത്താവിനെയുപേക്ഷിച്ചതിനാൽ, നീ നശിക്കുന്നതുവരെ നിന്റെ എല്ലാ പ്രയത്നങ്ങളിൽപ്പോലും അവിടുന്നു ശാപവും ക്ലേശവും ശകാരവും അയക്കും. നീ ക്ഷണത്തിൽ നശിച്ചുപോകും" (നിയമ.28:20) എന്ന കർത്താവിന്റെ വചനം ഓർക്കണം.

എല്ലാ ദുരന്തങ്ങൾക്കും മാനുഷികചിന്തയിലും ബുദ്ധിയിലും ആശ്രയിച്ചു ശാസ്ത്രീയ കാരണങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങളാണ് ഇന്ന് ആധ്യാത്മികത നഷ്ടപ്പെട്ട ഭൗതികമനുഷ്യൻ ചെയ്യുന്നത്. ആധ്യാത്മികഗ്രഹണം കൈമോശം വന്നിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾക്കും വിഷയീഭവിക്കുന്നതും പരീക്ഷണശാലയിൽ കണ്ടുതൊട്ട് അനുഭവിക്കുന്നതും മാത്രം സത്യമെന്നു വിശ്വസിക്കുന്ന ഭൗതികചിന്തയുടെയും മതേതര ദൈവതര ചിന്തകളുടെയും മധ്യത്തിലാണ് നാം ജീവിക്കുന്നത്. ലോകത്തെയും അതിലെ വസ്തുക്കളെയും നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്ന അദൃശ്യശക്തിയായ ഒരു ദൈവമുണ്ടെന്നും ഇന്നു നടക്കുന്ന എല്ലാ സംഭവങ്ങളും അവിടുന്നു കാണുന്നുവെന്നും അറിയുന്നുവെന്നുമുള്ള വിശ്വാസചിന്തകൾ മനുഷ്യനു നഷ്ടമായിരിക്കുന്നു. ഒരു ശുദ്ധീകരണം ഈ ലോകത്തിൽ ആവശ്യമാണ്.

കത്തുകൾ

അടിസ്ഥാന സൗകര്യവികസനത്തിൽ സർക്കാരുകൾ പരാജയപ്പെടുന്നുവോ?

ഐക്യരാഷ്ട്രസഭയുടെ ലോകഭക്ഷ്യ പദ്ധതിയും ഡോ. എം.എസ് സ്വാമിനാഥൻ ഫൗണ്ടേഷനും സംയുക്തമായി കണ്ടെത്തിയ പഠനങ്ങൾ കേന്ദ്രനഗരവികസനമന്ത്രി എസ്. ജയപാൽ റെഡ്ഢി കഴിഞ്ഞമാസം പുറത്തിറക്കുകയുണ്ടായി. കേരളത്തെക്കുറിച്ച് നല്ലതല്ലാത്ത പല കണ്ടെത്തലുകളും അതിലുണ്ട്. ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനും പോഷകാഹാരം നൽകുന്നതിനും കേരളം രാജ്യത്ത് ഏറ്റവും പിന്നിലാണെന്നാണ് ആദ്യത്തെ വെളിപ്പെടുത്തൽ. ശുദ്ധജലവിതരണത്തിന്റെ കാര്യത്തിൽ രാജ്യം ശരാശരി 54 ശതമാനത്തിൽ നിൽക്കുമ്പോൾ കേരളം 48 ശതമാനം മാത്രമാണ്. ഇക്കാര്യത്തിൽ കേരളം പിന്നിൽ നിന്നും ഒന്നാമതുനിൽക്കുന്നു. പുരുഷന്മാർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ പിന്നിലാണ്.

കേരളത്തിൽ 21.8 ശതമാനം പേർക്ക് പോഷകാഹാരം ലഭിക്കുന്നില്ല. ബീഹാർ, യു.പി, രാജസ്ഥാൻ, ജാർഖണ്ഡ്, ഒറീസ, തമിഴ്നാട് എന്നിവിടങ്ങൾപോലും ഇക്കാര്യത്തിൽ കേരളത്തെക്കാൾ വളരെ മെച്ചമായിട്ടാണ് കാര്യങ്ങൾ പോകുന്നതെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. സ്ത്രീകളുടെ തൊഴിൽ സുരക്ഷയിൽ കേരളം എട്ടാം സ്ഥാനത്താണെങ്കിലും ഭേദപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ടിൽനിന്നും മനസിലാക്കാം.

വിദ്യാഭ്യാസ, ആരോഗ്യ കാര്യങ്ങളിൽ കേരളം രാജ്യത്തിനാകെ മാതൃകയാണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീവിദ്യാഭ്യാസം എന്നീ മേഖലകളിൽ കത്തോലിക്കാ സഭ വളരെ നേരത്തെതന്നെ ശ്രദ്ധ ചെലുത്തിയിരുന്നു. വിദേശങ്ങളിൽനിന്നും സഭ വഴി ലഭിച്ചിരുന്ന സൂചിഗോതമ്പും സസ്യഎണ്ണയും പാൽപ്പൊടിയുമൊക്കെ ഒരുകാലത്ത് പാവപ്പെട്ട കുറെപേർക്കെങ്കിലും പോഷകാഹാരത്തിന് ഉപകരിച്ചിരുന്നു.

കേരളീയ സമൂഹം മുൻപന്തിയിൽ നിൽക്കുന്ന മേഖലകളിലുള്ള സഭയുടെ പങ്കാളിത്തം കൂടി ഇല്ലാതാക്കുവാനുള്ള കഠിനപരിശ്രമത്തിലാണ് കേരളത്തിലെ കമ്യൂണിസ്റ്റുകൾ ഇന്ന്. വിദ്യാഭ്യാസം കച്ചവടമാക്കിയെന്നും മറ്റും പറഞ്ഞ് സഭയെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുന്നത് സംസ്ഥാനത്തെ പൊതുസമൂഹത്തോടു ചെയ്യുന്ന വഞ്ചനയാണെന്നവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള തള്ളിക്കയറ്റം അതാണു കാണിക്കുന്നത്. സഭയുടെ പങ്കാളിത്തമുള്ള പ്രവർത്തന മേഖലകൾ മാത്രമാണ് ഫലപ്രദമായി ഇവിടെ പ്രവർത്തിക്കുന്നതെന്നാണ് നിഷ്പക്ഷമായ ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത്.

ഭരണകൂടം ഉത്തരവാദിത്വം മറന്ന് വിവാദങ്ങൾ വളർത്തി പാഴ്വാക്കുകളിലൂടെ വാഗ്ദാനപെരുമഴ മാത്രം പെയ്യിക്കുന്നു. സഭയ്ക്കെതിരെ നടത്തുന്ന നുണപ്രചരണങ്ങൾ അവസാനിപ്പിച്ച് തുറന്ന മനസോടെ സഹകരിക്കുകയാണു വേണ്ടത്. സഭ സഭയുടെ വിശ്വാസികൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുമ്പോൾ കമ്യൂണിസ്റ്റു പാർട്ടികൾ പൊതുസമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്ന വലിയ നുണയാണ് പാർട്ടി സെക്രട്ടറി അവസാനമായി പറഞ്ഞത്. പാർട്ടി നടത്തുന്ന വാട്ടർ തീം പാർക്കും ഹോട്ടൽ സമുച്ചയങ്ങളും മറ്റും പൊതുസമൂഹത്തിനു ചെയ്യുന്ന സേവനങ്ങൾ ഒന്നു വിശദീകരിച്ചാൽ നന്നായിരുന്നു.

സഭയുടെ പൊതുസേവനങ്ങൾ നിശബ്ദമായിട്ടുള്ളതാണ്. ഇതു മുതലെടുത്താണ് പാർട്ടിക്കാർ സഭയ്ക്കെതിരെ നുണപ്രചാരണങ്ങൾ അഴിച്ചുവിടുന്നത്. സഭയുടെ നിരവധിയായ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ സ്വന്തമാക്കി കേരളമോഡൽ വികസനം എന്നൊക്കെ പറഞ്ഞ് സർക്കാരുകൾ മേനിനടിക്കുമ്പോൾ, ഐക്യരാഷ്ട്ര സഭയുടെ നിയന്ത്രണത്തിലുള്ള പഠനസമിതിയുടെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ, സഭയിലെ ഒരംഗം എന്ന നിലയിൽ ഏതാനും കാര്യങ്ങൾ ചൂണ്ടിക്കാട്ടിയെന്നു മാത്രം. സർക്കാരുകൾ ഉത്തരവാദിത്വത്തോടെ ഭരണം നിർവഹിക്കുകയും സഭയുടെ പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കാതെയുമിരുന്നാൽ കേരളം മറ്റെല്ലാ സംസ്ഥാനങ്ങളെക്കാൾ എല്ലാ കാര്യത്തിലും ഒന്നാമതെത്തും.

– ഡോമിനിക് സാവിയോ, വാച്ചാച്ചിറയിൽ

എൻഡോസൾഫാൻ, ഇനിയും അന്വേഷണമോ?

കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ എന്ന മാരകവിഷത്തിന്റെ പാർശ്വഫലങ്ങളിൽപ്പെട്ട് നിരവധി പേർ മരണമടയുകയും അതിലധികംപേർ അവശരും വികലാംഗരും മാറാരോഗബാധിതരുമായെന്നത് യാഥാർത്ഥ്യമാണ്. വേദന നിറഞ്ഞ സത്യത്തെ കണ്ടില്ലെന്ന് നടിച്ച് ഈ മാരകമരുന്നിന്റെ ഉപയോഗഫലങ്ങളെപ്പറ്റി ഇനിയും ഒരന്വേഷണം നടത്തണമെന്ന് കേന്ദ്ര സർക്കാരും അതേറ്റുപിടിച്ച് കേരളത്തിലെ ഒരു കേന്ദ്രസഹമന്ത്രിയും പ്രസംഗിച്ചത് കൊടും ക്രൂരതയായി. ഈ മാരകവിഷത്തിന്റെ ഇരയായി ദയനീയമായി മരണമടഞ്ഞ ഒരു പെൺകുട്ടിയെപ്പറ്റിയുള്ള വാർത്തകൾ സമീപദിവസം വിവിധ മാധ്യമങ്ങളിൽ വന്നിരുന്നു. ഇടുക്കി ജില്ലയിലും ഈ വിഷത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നവരുണ്ടെന്നുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു.

മറ്റാരെയും പേടിയില്ലെങ്കിലും ദൈവത്തെ പേടിക്കണമെന്ന സത്യം നമ്മുടെ നേതാക്കന്മാർ മറന്നുപോകുന്നത് ഖേദകരമാണ്. പ്രത്യേക താൽപര്യം ഈ വിഷപ്രയോഗത്തിന്റെ പിന്നിൽ ഇല്ലെങ്കിൽ ഒരു നിമിഷംപോലും പാഴാക്കാതെ എൻഡോസൾഫാൻ നിരോധിക്കുകയും അതിന്റെ കെടുതികൾ അനുഭവിക്കുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയും വേണം.

– ജോബ്, കുന്നംകുളം

വൃദ്ധമന്ദിരങ്ങൾ ആവശ്യംതന്നെ

ജയിംസ് ഐസക് എഴുതിയ വൃദ്ധമന്ദിരങ്ങൾ നല്ലതെന്ന അഭിപ്രായത്തെ ഖണ്ഡിച്ചു സിസ്റ്റർ പെർഫക്ടാ എഴുതിയത്, 'മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളുടെയും കൊച്ചുമക്കളുടെയും സ്നേഹവും സംരക്ഷണവും അനുഭവിച്ചു സ്വന്തം വീട്ടിൽ ജീവിക്കുവാനും അവരുടെ ശുശ്രൂഷ സ്വീകരിച്ചു മരിക്കുവാനുമാണ് താൽപര്യം എന്നായിരുന്നു. കേൾക്കുമ്പോൾ ഒന്നാംതരം ആശയം. ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോ എന്ന് ചിന്തിക്കേണ്ടതാണ്. കുടുംബം പിടിച്ചുനിർത്താൻ തിരക്കുപിടിച്ച് ഓടിനടക്കുന്ന ഈ കാലഘട്ടത്തിൽ മാതാപിതാക്കളെയും അവരുടെ നിർബന്ധബുദ്ധികളെയും രോഗാവസ്ഥയെയും എപ്പോഴും സംരക്ഷിക്കാൻ ആർക്കും സാധിക്കുന്നില്ല; താൽപര്യമില്ല എന്ന ഒരു സത്യംകൂടി കിടപ്പുണ്ട്. മാതാപിതാക്കൾ മക്കളെ കഷ്ടപ്പെട്ടു വളർത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഇരട്ടി പ്രതിഫലം വാർധക്യശുശ്രൂഷയായും വാർധക്യ പരിചരണമായും മക്കൾ കൊടുക്കണമെന്നു പറയുന്നത് എപ്പോഴും യാഥാർത്ഥ്യമാകില്ല. പല വീടുകളിലെയും മക്കൾ ജോലി തേടി വിദേശത്താണ്. നാട്ടിലുള്ളവർ തന്നെയാണെങ്കിൽ തങ്ങളുടെ മക്കളെ സംരക്ഷിക്കാൻപോലും ബുദ്ധിമുട്ടുന്നു. തങ്ങളുടെ കുട്ടികളെയും മാതാപിതാക്കളെയും സംരക്ഷിച്ചു വീട്ടിൽ കഴിഞ്ഞാൽ കഞ്ഞികുടി മുട്ടും. ഇത് ഒരു വശം. മറിച്ചു വേറൊരു തലംകൂടിയുണ്ട്. വൃദ്ധരായ മാതാപിതാക്കൾ വൃദ്ധമന്ദിരത്തിൽ ജീവിച്ചാൽ തങ്ങളുടെ പ്രായത്തിലുള്ളവരുമായി ആശയസംവാദം നടത്താനും നേരം പോകാനും വായിക്കാനും പ്രാർത്ഥിക്കാനും ഒത്തിരി സമയം ലഭിക്കും. മക്കളുടെയും കൊച്ചുമക്കളുടെയും വായിൽനിന്നു വരുന്ന മുനയുള്ള വർത്തമാനങ്ങൾ കേട്ടു വേദനിക്കാൻ ഇടവരുകില്ല. സർവോപരി ഗൃഹസ്ഥം കഴിഞ്ഞാൽ വാനപ്രസ്ഥവും സന്യാസവും കാരണവന്മാർക്ക് അഭ്യസിക്കാനും സാധിക്കും. ഈ ലോകം വിട്ടുപോകാനുള്ള ഒരുക്കവും വൃദ്ധമന്ദിരത്തിൽനിന്നും കിട്ടും. അത് ഇനിയുള്ള തലമുറ പഠിക്കേണ്ടിയിരിക്കുന്നു. മക്കളിൽ നിന്നു പണവും ശുശ്രൂഷയും ഏറ്റുവാങ്ങി മർക്കടമുഷ്ടിയും ശാപവാക്കുകളും ചൊരിഞ്ഞു ജീവിക്കുവാനാണ് പല കാരണവന്മാരുടെയും ആഗ്രഹം. മക്കളെ പഠിപ്പിച്ചു വലുതാക്കി ഇനി അവരിൽനിന്നു കഴിവതും കുറച്ചു സ്വീകരിച്ചു ദൈവോന്മുഖമായി ജീവിക്കുവാൻ വൃദ്ധമന്ദിരങ്ങൾ വളരെ നല്ലതാണ്. ഓരോ ഇടവകയ്ക്കോ രണ്ടു മൂന്നു ഇടവകകൾ ചേർന്നോ വൃദ്ധമന്ദിരങ്ങളും പകൽവീടുകളും ഒരുക്കുന്നതും നല്ലതാണ്.

– ഫാ. ലൂക്ക് പുത്തൃക്കയിൽ

അനുഗ്രഹത്തിന്റെ എണ്ണവറ്റാത്ത വിളക്കുകളാണ് മാതാപിതാക്കൾ

ഓരോ ഇടവകകളോടും ചേർന്ന് വൃദ്ധഭവനങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടുള്ള കത്ത് വായിച്ചു. ഞാൻ ഇറ്റലിയിൽ ഒരു വൃദ്ധഭവനത്തിൽ ശുശ്രൂഷ ചെയ്യുകയാണ്. ജീവിതത്തിന്റെ പ്രതീക്ഷകളൊക്കെ നഷ്ടപ്പെട്ട് ദിവസം മുഴുവൻ ആരെയോ കാത്തിരിക്കുന്നതുപോലുള്ള അവരുടെ ജീവിതം, വീട്ടുകാരും ബന്ധുക്കളും കാണാനായെത്തുമ്പോൾ മുഖത്തു വിടരുന്ന പുഞ്ചിരി, പിന്നെക്കാണാം എന്നു പറഞ്ഞ് യാത്ര പറയുമ്പോൾ പുഞ്ചിരിയുടെ മറവിൽ തെളിയുന്ന വിതുമ്പുന്ന ചുണ്ടുകൾ... എല്ലാത്തിനും ഞാനും സാക്ഷിയാണ്.

ജീവിതത്തിന്റെ നല്ലസമയം മുഴുവൻ മക്കൾക്കും കുടുംബത്തിനുമായി ചെലവഴിച്ച് വാർധക്യത്തിന്റെ പടിവാതിൽക്കൽ എത്തുമ്പോൾ സമയം ഇല്ല, ജോലിത്തിരക്ക്, പറ്റുന്നില്ല എന്നൊക്കെ പറഞ്ഞ് വൃദ്ധസദനത്തിലേക്ക് പറഞ്ഞയക്കാനുള്ളതല്ല നമ്മുടെ മാതാപിതാക്കൾ. നമ്മുടെയൊക്കെ ഭവനങ്ങളിൽ ഒരു പാടുകാലം വിളക്കുപോലെ കത്തിജ്വലിച്ച് പ്രകാശം പകർന്നവർ ഇനിയുള്ള കാലം നമ്മുടെ ഭവനങ്ങളിൽത്തന്നെ കത്തിജ്വലിച്ച് അണഞ്ഞുതീരുമ്പോഴേ ആ ജീവിതത്തിന് സംതൃപ്തിയുണ്ടാവൂ.

അവരിലെ നന്മകളും ഗുണങ്ങളും ഒന്നും ചെയ്യാൻ പറ്റിയില്ലെങ്കിലും പറഞ്ഞുതന്നുകൊണ്ടെങ്കിലും നമ്മുടെ ഭവനങ്ങൾ വീണ്ടും പ്രകാശിക്കട്ടെ. സമയത്തിനുമുമ്പേ ആ വിളക്കുകൾ കെടുത്തിക്കളയരുത്. മക്കൾക്കും പേരക്കുട്ടികൾക്കും അനുഗ്രഹമായി അവർ മാറും. വാർധക്യമെന്നാൽ പുറത്താക്കലല്ല ജീവിതത്തോടു ചേർത്തുപിടിക്കലാണെന്ന് വരും തലമുറ അറിഞ്ഞു ജീവിക്കട്ടെ. ഭവനങ്ങളിൽത്തന്നെ അണഞ്ഞുതീരേണ്ട അനുഗ്രഹത്തിന്റെ എണ്ണവറ്റാത്ത വിളക്കാണ് അവരെന്ന തിരിച്ചറിവിനായി നമുക്ക് പ്രാർത്ഥിക്കാം. വിദേശരാജ്യങ്ങൾ ഏറ്റുവാങ്ങിയ ഈ വിപത്തിൽ നിന്ന് നമ്മുടെ നാടിനെയെങ്കിലും നമുക്ക് രക്ഷിക്കാം.

– സിസ്റ്റർ റീജാ ആന്റണി
MSMI, ഇറ്റലി